TB Movie Club Weekly Review

**#MoviePanel**

# നീലവെളിച്ചം

എഴുതിയത് Sajan Ramanandan

തിയറ്ററിൽ കണ്ടപ്പോൾ തന്നെ ഒരു റിവ്യൂ എഴുതണമെന്ന് കരുതിയതാണ്. സാധിച്ചില്ല. കഴിഞ്ഞ ദിവസം വീണ്ടും പ്രൈമിൽ കണ്ടു. വീണ്ടും റിവ്യൂ എഴുതാൻ ത്വര വന്നു.

ടെക്നിക്കലി ബ്രില്യൻറ് ആയ സിനിമയാണ് നീല വെളിച്ചം. പ്രത്യേകിച്ച് സിനിമാട്ടോഗ്രാഫി, ആർട്ട്, സൗണ്ട് ഡിസൈൻ, DI, VFX. ഗിരീഷ് ഗംഗാധരൻ ആണ് സിനിമട്ടോഗ്രാഫർ. വി സാജൻ ആണ് എഡിറ്റിങ്, ജ്യോതിഷ് ശങ്കർ പ്രൊഡക്ഷൻ ഡിസൈൻ & ആർട്ട് ഡയറക്ടർ, സമീറ സനീഷ് വസ്ത്രാലങ്കാരം, റോണക്സ് സേവിയർ മേക്കപ്പ്, വിഷ്ണു ഗോവിന്ദ് സൗണ്ട് ഡിസൈൻ, സുപ്രീം സുന്ദർ സ്റ്റണ്ട്.

അത്യാവശ്യം നല്ല കുറച്ചു ജമ്പ് സ്കെയറുകളും സിനിമയിലുണ്ട്. തിയറ്ററിൽ ആദ്യ സീൻ കണ്ട അഞ്ചു വയസ്സുകാരൻ ഇളയ മകൻ വിരണ്ട് എന്റെ നെഞ്ചത്ത് വീണു പോയത് ഓർക്കുമ്പോൾ ചിരി വരുന്നുണ്ട് ഇപ്പോഴും. അത് പോലെ ഇന്നലെ വീട്ടിൽ ഇരുന്ന് കാണുമ്പോൾ ക്ലൈമാക്സ് അടുപ്പിച്ചുള്ള സീനിൽ മക്കൾ രണ്ടും പെടച്ചു ചാടി ഇരുന്നു കാണുന്നുണ്ടായിരുന്നു. ഞങ്ങൾ അച്ഛനും മക്കളും മാത്രമായി ആദ്യമായി തിയറ്ററിൽ പോയി കണ്ട സിനിമയാണ് നീല വെളിച്ചം. സിനിമയ്ക്ക് ശേഷം അപ്രതീക്ഷിതമായി പെയ്ത മഴയിൽ നനഞ്ഞു കുതിർന്നു വിറച്ച് പത്തു കിലോമീറ്റർ ബുള്ളറ്റ് യാത്രയും ഉണ്ടായിരുന്നു. അത് സിനിമയേക്കാൾ മെമ്മറിബിൾ ആയിരുന്നെന്ന് തോന്നുന്നു.

ടോവിനോയുടെ ബഷീറും നന്നായിട്ടുണ്ട്. ബഷീറിയൻ സാഹിത്യത്തിലും ഉള്ള ആ harmless romantic sweet talker/ flirt അഥവാ നിഷ്കളങ്കനായ സരസനായ പഞ്ചാരയടിക്കാരൻ കാമുകനെ ടോവിനോ നന്നായി അവതരിപ്പിച്ചിട്ടുണ്ട്. ഭാർഗവിയുടെ പ്രേതവുമായുള്ള അയാളുടെ dynamics രസമുണ്ട് (ഇരുവരും പ്രണയം നഷ്ടപ്പെട്ടവരാണ്, അതാണ് അവരെ പരസ്പരം empathetic ആക്കുന്നതെന്ന് തോന്നുന്നു) , പ്രേതത്തെ യഥാർത്ഥത്തിൽ കാണിക്കുന്നത് വരെ.

സിനിമയുടെ ഏറ്റവും വലിയ പോരായ്മ കാസ്റ്റിംഗ് ആണെന്ന് തോന്നി. റീമ ഒട്ടും apt ആയി തോന്നിയില്ല. അത് പോലെ പാട്ടുകാരനായി റോഷനും. ഷൈൻ ടോം അഭിനയം മോശമല്ലെങ്കിലും അയാളെ കാണുമ്പോൾ നമ്മൾ പ്രതീക്ഷിക്കുന്ന ചിലതുണ്ട്, അത് ആസ്വാദനത്തെ ബാധിച്ചെന്ന് തോന്നി.

പത്മദളാക്ഷൻ ഇന്നും പപ്പുവായി അറിയപ്പെടാൻ കാരണമായ റോളിൽ വന്ന രാജേഷ് മാധവനൊന്നും ഒന്നും ചെയ്യാൻ ഉണ്ടായിരുന്നില്ലെന്ന് തോന്നി. പ്രമോദ് വെളിയനാട്, പൂജ മോഹൻരാജ്, ദേവകി ഭാഗി, ഉമാ കെ പി, ജെയിംസ് ഏലിയ തുടങ്ങിയവരുടെ പ്രകടനം കൊള്ളാമായിരുന്നു.

സിനിമയിൽ ഒറിജിനൽ സിനിമയിലെ പാട്ടുകൾ ബിജിബാൽ, റെക്സ് വിജയൻ ടീം re-create ചെയ്തിരിക്കയാണ്. MS ബാബുരാജ് - പി ഭാസ്കരൻ ടീം ആണ് ഒറിജിനൽ മ്യൂസിക് ഡയറക്ടർ - ലിറിസിസ്റ്റ് കോമ്പിനേഷൻ. ചിത്ര, ഷഹബാസ് അമൻ എന്നിവരാണ് പാട്ടുകാർ. പൊട്ടിത്തകർന്ന കിനാവ് കൊണ്ടൊരു എന്ന പാട്ടിന്റെ visualization വളരെ നന്നായിട്ടുണ്ട്. പാട്ടുകൾ ഇറങ്ങിയ സമയത്ത് കുറച്ചു controversy ഉണ്ടായിരുന്നു. ബാബുരാജിന്റെ മകൾ ആഷിഖ് അബുവിന് വക്കീൽ നോട്ടീസ് ഒക്കെ അയച്ചിരുന്നു. പക്ഷേ പാട്ടുകളുടെ റൈറ്റ്സ് വാങ്ങിയാണ് re-create ചെയ്തതെന്ന് സംവിധായകൻ പറഞ്ഞതോടെ അത് ഒതുങ്ങി. ഏതായാലും ബാബുരാജിന്റെ ഒരു കമ്പോസിഷൻ പാടുക എന്ന ചിത്രയുടെ അഭിലാഷം സാധിച്ചു എന്ന് പറയാം.

സിനിമയുടെ മറ്റൊരു പോരായ്മ തോന്നിയത് തിരക്കഥയുടെ കാര്യത്തിൽ ആണ്. ബഷീർ എഴുതിയ ഒറിജിനൽ തിരക്കഥയ്ക്ക് ഒപ്പം ഹൃഷികേശ് ഭാസ്കരൻ ചില അഡിഷണൽ സീനുകൾ ചേർത്തത് ഒഴിച്ചാൽ അതേപടി നിലനിർത്താൻ ആണ് സംവിധായകൻ നോക്കിയത്. പക്ഷേ ഒറിജിനൽ സിനിമ ഇറങ്ങി അറുപത് വർഷത്തോളം കടന്ന് പോയപ്പോൾ സിനിമയുടെ വ്യാകരണവും കാഴ്ചക്കാരുടെ താൽപ്പര്യങ്ങളിലും വന്ന മാറ്റങ്ങളും ഉൾക്കൊള്ളാൻ സംവിധായകൻ മറന്നു എന്ന് തോന്നുന്നു. അന്ന് ഭാർഗവീ നിലയം ഇറങ്ങുമ്പോൾ മലയാളം പ്രേക്ഷകർക്ക് ഹൊറർ സിനിമ ഒരു പുതുമ ആയിരുന്നു. ഇന്ന് സിനിമകൾ ആയും സീരീസുകളായും പല ഭാഷകളിൽ നിന്നുള്ള ഹൊറർ content കണ്ടു തഴക്കവും പഴക്കവും വന്നവരാണ് മലയാളം പ്രേക്ഷകർ. അതിനൊപ്പം സിനിമയിൽ ശശികുമാർ- ഭാർഗവി പ്രണയം വളരെ ശക്തമായി അവതരിപ്പിക്കുവാനും വിൻസന്റ് മാഷിന് സാധിച്ചു എന്നത് കൂടി എടുത്തു പറയണം. മധു, വിജയ നിർമല, പ്രേം നസിർ, പി ജെ ആന്റണി, കുതിരവട്ടം പപ്പു, അടൂർ ഭാസി തുടങ്ങിയ താരങ്ങളുടെ പ്രകടനങ്ങളും മികച്ചു നിന്നു. 1964 നവംബർ 22 ന് റിലീസ് ആയ സിനിമ അന്നത്തെ ബ്ലോക്ക് ബസ്റ്റർ ആയി മാറുകയും ചെയ്തു. എന്നാൽ ഏപ്രിൽ 20, 2023 ന് ഇറങ്ങിയ നീല വെളിച്ചം തിയറ്ററിൽ പരാജയം രുചിച്ചു. മൾട്ടി സ്റ്റാറർ ആയിട്ട് പോലും സിനിമയ്ക്ക് കാര്യമായ ഹൈപ്പ് ഉണ്ടായിരുന്നില്ല എന്നതും സിനിമയ്ക്ക് ദോഷമായി.

മലയാളത്തിൽ cultural reference point ആയ ഒരു സിനിമയാണ് ഭാർഗവീ നിലയം. ഇന്നും ഒറ്റപ്പെട്ട, പേടി തോന്നിപ്പിക്കുന്ന വീടുകൾ നമുക്ക് ഭാർഗവീ നിലയമാണ്. അത് നമ്മുടെ ഭാഷയിൽ കുടിയേറിയതാണ്. സിനിമ കണ്ടവരും കാണാത്തവരും എന്തിന് ഈ സിനിമയെപ്പറ്റി കേട്ടിട്ട് പോലും ഇല്ലാത്തവരും ഈ പ്രയോഗം ഉപയോഗിക്കാറുണ്ട്. അതാണ് ആ

സിനിമയുടെ ഇമ്പാക്റ്റ്. അതിനെ പുനരാവിഷ്ക്കരിക്കാൻ കുറേക്കൂടി കരുതൽ ആവശ്യമുണ്ടായിരുന്നു എന്ന് തോന്നുന്നു.